കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 26.04.2023 മുതൽ 30.04.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 17/2023 (33) ചൊവ്വാഴ്ച | തീയ്യതി 25/04/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 26.04.2023 | 27.04.2023 | 28.04.2023 | 29.04.2023 | 30.04.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 3 | 5 | 1 | 2 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 8 | 6 | 8 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 320 | 290 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്ന് മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | കെട്ടുകലക്കി ചെമ്മീൻ കൃഷി അവസാനിപ്പിച്ച് പാടം വറ്റിച്ച് തൂമ്പുകളും പുറം ബണ്ടുകളും ശക്തമാക്കിയ ശേഷം നെൽകൃഷിക്കായുള്ള കൂനയെടുക്കൽ ആരംഭിക്കുകയും വിത്ത് ശേഖരിച്ചുവെക്കുകയും ചെയ്യുക. |
| നെല്ല് | പരിപാലനം | മത്തി-ശർക്കര മിശ്രിതം 6 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക, കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ മാലത്തയോൺ 50 EC 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കുക |
| തെങ്ങ് | പരിചരണം | മഴ തുടങ്ങുന്നതിന് മുൻപായി തടം തുറന്ന് ഓരോ തെങ്ങിനും ഓരോ കിലോ കുമ്മായം എന്ന തോതിൽ ഇട്ടുകൊടുക്കുക. |
| മഞ്ഞൾ / ഇഞ്ചി | മൂടചീയൽ രോഗം | നിലം ഒരുക്കുന്ന സമയത് സെന്റിന് രണ്ടു മുതൽ മൂന്ന് വരെ കിലോഗ്രാം കുമ്മായം ഇടാവുന്നതാണ്. മൂടചീയൽ രോഗത്തിന് എതിരെ മുൻകരുതലായി വിത്തുകൾ 0.3 ശതമാനം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കി വെച്ച ശേഷം നടുക. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം / കമ്പോസ്റ് ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം:- മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി ഉള്ളപ്പോൾ പശുവിനെ കുളിപ്പിക്കുകയോ തൊഴുത്ത് കഴുകുകയോ ചെയ്യരുത്. ഇങ്ങനെ ചെയ്താൽ ചൂട് കൂടുതൽ അനുഭവപ്പെടും. കന്നുകാലിത്തൊഴുത്തിൽ ആവശ്യമെങ്കിൽ ഫാനുകളുടെ സഹായത്തോടെ വായുസഞ്ചാരം കൂട്ടുന്നതും വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. (CAADECCS, KVASU, Mannuthy).